ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേജർ ഇറിഗേഷന്റെ കീഴിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ "2711-01-101-98-എഫ്. ഡി. (എൻ.പി)" കണക്കു ശീർഷകത്തിൽ ഉൾപ്പെടുത്തി 86,80,000 രൂപയുടെ 13 പ്രവൃത്തികളും "2711-01-101-99 വെള്ളപ്പൊക്ക നിയന്ത്രണ" ശീർഷകത്തിൽ 1,47,332 രൂപയുടെ ഒരു പ്രവൃത്തിയും "3075-60-800-97 പ്രകൃതിക്ഷോഭം മൂലമുണ്ടായ പുനരുദ്ധാരണ പ്രവൃത്തി"കളിൽപ്പെടുത്തി 22,25,028 രൂപയുടെ മൂന്നു പ്രവൃത്തികളും "5075-60-800-94-ഉൾനാടൻ ജലഗതാഗതം (സംസ്ഥാന പദ്ധതി)" ശീർഷകത്തിൽ 3,33,384 രൂപയുടെ ഒന്ന്, "5075-60-800-96-ഉൾനാടൻ ജലഗതാഗതം (കേന്ദ്ര പദ്ധതി)" യിൽ 1,52,238 രൂപയുടെ ഒന്ന്, "2701-04-101-98 കുട്ടനാട് വികസന പദ്ധതിയിൽ" പെടുത്തി 4,56,805 രൂപയുടെ ഒന്ന്, "4711-02-103-99 കടലാക്രമണ നിരോധന പ്രവൃത്തികൾ" എന്ന ശീർഷകത്തിൽ 13,07,479 രൂപയുടെ ഒന്ന് എന്നീ പ്രവൃത്തികളും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ ആലപ്പുഴ കനാൽ ഡീസിൽറ്റ് ചെയ്യുന്നതിനുള്ള 121.50 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗതിയിലാണ്.

പെരിങ്ങളം മണ്ഡലത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതി

47 [2764] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങളം മണ്ഡലത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) നിലവിൽ എത്ര പദ്ധതികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദീകരിക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചുവരുന്നത്;

(ഡി) പെരിങ്ങളം പഞ്ചായത്തിലെ കനകമല കുടിവെള്ള പദ്ധതി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പെരിങ്ങളം മണ്ഡലത്തിലെ നിലവിലുള്ള കുടിവെള്ള പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. ചൊക്ലി ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി——ചൊക്ലി പഞ്ചായത്ത്.
2. കരിയാട് ശുദ്ധജലവിതരണ പദ്ധതി——കരിയാട് പഞ്ചായത്ത്.
3. കൊട്ടിയോടി ശുദ്ധജലവിതരണ പദ്ധതി—പാട്യം പഞ്ചായത്ത്.
4. ചെറുവാഞ്ചേരി ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി-പാട്യം പഞ്ചായത്ത്.

LIBRARY ARCHIVES Kerala Legislative Assembly

5. പൂത്തൂർ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി-കുന്നോത്ത്പറമ്പ് പഞ്ചായത്ത്.

6. കണ്ണങ്കോട്-നരിപ്രക്കുന്ന് ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി-കുന്നോത്ത്പറമ്പ് പഞ്ചായത്ത്.

7. പന്ന്യനൂർ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി-പന്ന്യനൂർ പഞ്ചായത്ത്.

(ബി) കനകമല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി, തൃപ്പങ്ങോട്ടൂർ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണപദ്ധതി, പാനൂർ-മൊകേരി ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി എന്നീ 3 പദ്ധതികൾ പൂർത്തിയാക്കാനുണ്ട്.

(സി) കനകമല ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, ജലസംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. വിതരണകുഴലുകൾ ലഭിക്കുന്ന മുറയ്ക്ക് പൈപ്പ്ലൈനിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. തൃപ്പങ്ങോട്ടൂർ ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. ജലസംഭരണിയുടെ പണി പുരോഗമിച്ചു വരുന്നു. ശുദ്ധീകരണശാല, പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് എന്നിവയുടെ പുതുക്കിയ പ്രൊപ്പോസൽ സൂക്ഷ്മപരിശോധനയിലാണ്. പാനൂർ-മൊകേരി ത്വരിത ഗ്രാമീണ ശുദ്ധ ജല വിതരണ പദ്ധതിയുടെ കിണർ, പമ്പ് ഹൗസ്, പമ്പിംഗ് മെയിൻ, ശുദ്ധീകരണ ശാല, ജലസംഭരണി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. മേഖല-1ന്റെ പണി പൂർത്തീകരിച്ച് ജലവിതരണം നടത്തി വരുന്നു. മേഖല 2,3 എന്നിവയുടെ വിതരണ കുഴലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്.

(ഡി) 2005 മാർച്ച് മാസത്തിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ അത്തോളി പഞ്ചായത്തുകൂടി ഉൾപ്പെടുത്തുവാൻ നടപടി

48 [2765] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് ജില്ലയിലേയും തൊട്ടടുത്ത പഞ്ചായത്തുകൾക്കുള്ള ശുദ്ധജലവിതരണ പദ്ധതിയിൽ അത്തോളി പഞ്ചായത്തുകൂടി ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly